**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

**<u>കൂട്ടിച്ചേർക്കൽ വിജ്ഞാപനം</u>**

നമ്പർ: DR4-2/3/2020-KPSC

*തിരുവനന്തപുരം, 2024 ജൂൺ 25*

വിദ്യാഭ്യാസ വകുപ്പിലെ യു. പി. സ്കൂൾ ടീച്ചർ (മലയാളം മാധ്യമം), എൽ. പി. സ്കൂൾ ടീച്ചർ (മലയാളം മാധ്യമം) തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന്റെ തെരഞ്ഞെടുപ്പിനായി 30.12.2023-ലെ അസാധാരണ ഗസറ്റിൽ യഥാക്രമം കാറ്റഗറി നമ്പർ 707/2023, 709/2023 എന്നിവ പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനങ്ങളിലെ 'ഒഴിവുകളുടെ എണ്ണം' എന്ന ശീർഷകത്തിനു കീഴെ നൽകിയിട്ടുള്ള കുറിപ്പ് (v) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

'(v) മേൽ തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ 4%, 01.10.2023-ലെ G.O.(P) No. 5/2023/SJD, 24.06.2024-ലെ G.O.(Ms) No. 5/2024/SJD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, **(a)** Blind, Low Vision **(b)** Deaf, Hard of Hearing **(c)** Locomotor Disability including Cerebral Palsy (CP), Leprosy Cured (LC), Dwarfism (Dw), Acid Attack Victims (AAV), Muscular Dystrophy (Mdy); with minimum one functional arm **(d)** Autism Spectrum Disorder (Mild) [ASD (M)], Specific Learning Disability (SLD), Mental Illness (MI) (40%-70%) **(e)** Multiple Disability involving above combinations എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.'

കാറ്റഗറി നമ്പർ 707/2023, 709/2023 എന്നിവ പ്രകാരമുള്ള വിജ്ഞാപനങ്ങളിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

**<u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>**

Leprosy Cured (LC), Dwarfism (Dw), Acid Attack Victims (AAV), Muscular Dystrophy (Mdy); with minimum one functional arm, Autism Spectrum Disorder (Mild) [ASD (M)], Specific Learning Disability (SLD), Mental Illness (MI) (40%-70%), Multiple Disability involving above combinations എന്നീ ഭിന്നശേഷി വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക്, താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, കാറ്റഗറി നമ്പർ 707/2023, 709/2023 എന്നിവ പ്രകാരമുള്ള തെരഞ്ഞെടുപ്പുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് **<u>25.06.2024</u>** തീയതി മുതൽ **<u>29.06.2024</u>** തീയതി വരെ സമയം അനുവദിച്ചിരിക്കുന്നു.

(i) കാറ്റഗറി നമ്പർ 707/2023, 709/2023 എന്നിവ പ്രകാരമുള്ള തെരഞ്ഞെടുപ്പുകളിലേയ്ക്ക് മേൽ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ, വിദ്യാഭ്യാസ യോഗ്യതകൾ ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും, അപേക്ഷ

സമർപ്പിയ്ക്കുന്നതിനായി മേൽ കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള അവസാന തീയതിയായ 31.01.2024 നോ അതിനു മുൻപോ നേടിയതായിരിയ്ക്കണം. പ്രസ്തുത തീയതിയ്ക്ക് ശേഷം യോഗ്യത കരസ്ഥമാക്കിയവർ യാതൊരു കാരണവശാലും മേൽ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിയ്ക്കുവാൻ പാടുള്ളതല്ല.

(ii) Leprosy Cured (LC), Dwarfism (Dw), Acid Attack Victims (AAV), Muscular Dystrophy (Mdy); with minimum one functional arm, Autism Spectrum Disorder (Mild) [ASD (M)], Specific Learning Disability (SLD), Mental Illness (MI) (40%-70%), Multiple Disability involving above combinations എന്നീ ഭിന്നശേഷി വിഭാഗക്കാർ ഒഴികെ മറ്റ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും ഭിന്നശേഷിയിതര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും മേൽ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിയ്ക്കുവാൻ പാടുള്ളതല്ല.

(iii) മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലായാലും നിരുപാധികം നിരസിക്കുന്നതാണ്.

(iv) കാറ്റഗറി നമ്പർ 707/2023, 709/2023 എന്നിവ പ്രകാരമുള്ള വിജ്ഞാപനങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള അവസാന തീയതിയ്ക്കകം അപേക്ഷ സമർപ്പിച്ചിരുന്ന Leprosy Cured (LC), Dwarfism (Dw), Acid Attack Victims (AAV), Muscular Dystrophy (Mdy); with minimum one functional arm, Autism Spectrum Disorder (Mild) [ASD (M)], Specific Learning Disability (SLD), Mental Illness (MI) (40%-70%), Multiple Disability involving above combinations എന്നീ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷ സമർപ്പിയ്ക്കേണ്ടതില്ല.

(v) മേൽ കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിയ്ക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അതാത് കാറ്റഗറി നമ്പറുകളിലെ വിജ്ഞാപനങ്ങളിൽ പരാമർശിച്ചിരിയ്ക്കുന്ന മറ്റ് നിബന്ധനകളെല്ലാം ബാധകമാണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

**സാജു ജോർജ്ജ്**
***സെക്രട്ടറി***
***കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ***